## വെനെറിനി ഹയർസെക്കന്ററി സ്കൂൾ , കരിങ്കല്ലായ്
## കോഴിക്കോട് വിദ്യാഭ്യാസ ജില്ല. ഫറോക്ക് ഉപജില്ല

**<u>അക്കാദമിക് മാസ്റ്റർ പ്ലാൻ 2025–26</u>**

1685 ൽ ഇറ്റലിയിൽ വിറ്റർബോ എന്ന ഗ്രാമത്തിൽ ഭൂജാതയായ വിശുദ്ധ റോസ വെനെറിനിയാൽ സ്ഥാപിതമായതാണ് ഈ വിദ്യാലയം. വെനെറിനി സിസ്റ്റേഴ്സിന്റെ നേതൃത്വത്തിലാണ് ഈ സ്കൂൾ നടത്തപ്പെടുന്നത്. ഈ സ്കൂളിന്റെ ആദ്യ മാനേജർ ഇറ്റലിക്കാരിയായിരുന്ന പരേതയായ ബഹുമാനപ്പെട്ട സിസ്റ്റർ പിയെര സിൽവെസ്ട്രിനി ആയിരുന്നു. 1975 ജൂൺ ഒന്നിന് ഒരു ഇംഗ്ലീഷ് മീഡിയം ലോവർ പ്രൈമറി സ്കൂൾ എന്ന നിലയിലാണ് വിശുദ്ധ റോസാ വെനെറിനിയുടെ നാമധേയത്തിൽ വെനെറിനി സ്കൂൾ സ്ഥാപിതമായത്. കോഴിക്കോട് നഗരത്തിന്റെ ഹൃദയഭാഗത്തായി ഫാറൂഖ് കോളേജ് പരിസരത്ത് സ്ഥിതി ചെയ്യുന്ന ഈ വിദ്യാലയം പ്രവർത്തനമാരംഭിച്ചപ്പോൾ 36 വിദ്യാർത്ഥികൾആയിരുന്നെങ്കിലുംഇന്ന്ഈസ്ഥാപനം1340 വിദ്യാർഥികൾക്കും മികവുറ്റ 60 അധ്യാപകരുടെയും സഹപ്രവർത്തകരുടെയും നേതൃത്വത്തിൽ മികവുള്ളഒരുസമഗ്രവിദ്യാഭ്യാസകേന്ദ്രമായിവളർന്നിരിക്കുന്നു.വിദ്യാലയത്തിന്റ ദൈനംദിന പ്രവർത്തനങ്ങളുടെ ഏകോപനത്തിനായി 27 നോൺ ടീച്ചിംഗ് സ്റ്റാഫ് ഉണ്ട്. 1984 അപ്പർ പ്രൈമറി സ്കൂൾ ആയും 1994 ഹൈസ്കൂൾ ആയും ഉയർത്തപ്പെട്ട ഈ വിദ്യാലയത്തിൽ 2002 മുതൽ ഹയർ സെക്കൻഡറി വിഭാഗവും ആരംഭിച്ചു. 1986 ഏപ്രിൽ എട്ടിന് യുപി വിഭാഗത്തിന് അംഗീകാരം ലഭിച്ചു. തുടർന്ന് ഹൈസ്കൂൾ വിഭാഗം എട്ടാം ക്ലാസ് 1993 സെപ്റ്റംബർ 17 നും 9,10 ക്ലാസുകൾക്ക് 1994 ജൂൺ 15 ന് അംഗീകാരം ലഭിച്ചു. 2001 ൽ ഹയർ സെക്കൻഡറി വിഭാഗം ആരംഭിക്കുകയും 2002 ജൂലൈ 23 ന് ഔദ്യോഗിക അംഗീകാരം നേടുകയും ചെയ്തു. അവസാനമായി 2005 സെപ്റ്റംബർ 19 ന് എൽ പി വിഭാഗം അംഗീകൃതമായി. ഇതിനാൽ പ്രാഥമിക തലത്തിൽ നിന്നും ഹയർസെക്കൻഡറി വരെയുള്ള സമഗ്ര വിദ്യാഭ്യാസ സംവിധാനമായി ഈ വിദ്യാലയം വികസിച്ചു.

സാംസ്കാരിക പരിപാടികൾക്കും സെമിനാറുകൾക്കും പ്രദർശനങ്ങൾക്കും ഉപയോഗിക്കുന്ന സമ്പൂർണ്ണസൗകര്യങ്ങളുള്ള ഓഡിറ്റോറിയം, ഹൈസ്കൂൾ ഹയർസെക്കൻഡറി തലത്തിൽ ശാസ്ത്രീയ പരീക്ഷണനിരീക്ഷണങ്ങൾക്കായി നൂതന ഉപകരണങ്ങളോടു കൂടിയ സയൻസ് ലാബ്, വിവിധ വിഷയങ്ങളിൽ ധാരാളം പുസ്തകങ്ങളും റഫറൻസ് മെറ്റീരിയൽസ് ഉള്ള സമ്പന്നമായ ലൈബ്രറി, എൽ പി ,യു പി ഹൈസ്കൂൾ, ഹയർ സെക്കൻഡറി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് അനുയോജ്യമായ പാഠ്യസാഹചര്യത്തോടുള്ള വ്യത്യസ്ത ഐടി ലാബുകൾ, വിദ്യാലയത്തോടെ ചേർന്നുള്ള വിശാലമായ ഗ്രൗണ്ട് എന്നിവ **വെനെറിനി** ഹയർസെക്കൻഡറി സ്കൂളിന്റെ മാറ്റുകൂട്ടുന്നു. വിദ്യാലയത്തിന്റെ ദൗത്യവും, ദർശനവും നിലനിർത്തുന്നതിനുള്ള ദീർഘ**ദർശി**യുള്ള മാർഗനിർദ്ദേശവും, മേൽനോട്ടവും നൽകുന്ന മാനേജർ സിസ്റ്റർ സിസ്സി MPV, പ്രിൻസിപ്പൽ സിസ്റ്റർ ലീന MPV, അഡ്മിനിസ്ട്രേറ്റർ സിസ്റ്റർ ബ്രിജിറ്റ് MPV, വൈസ് പ്രിൻസിപ്പൽ സിസ്റ്റർ പ്രിൻസി MPV എന്നിവരുടെ സജീവ സാന്നിധ്യം വിദ്യാലയത്തിന്റെ വിജയകരമായ പ്രവർത്തനത്തിന് മുതൽക്കൂട്ടായി നിലകൊള്ളുന്നു. വർഷങ്ങളായി എൽ എസ് എസ്, യു എസ് എസ്, ഡി സി എൽ, മാത്സ് ടാലെ**ന്റ്** സെർച്ച് പരീക്ഷകളിൽ ഫറോക്ക് ഉപജില്ലയിൽ മികച്ച വിദ്യാലയങ്ങളിൽ ഒരു വിദ്യാലയമാണ് **വെനെ**റിനി ഹയർ സെക്കൻഡറി സ്കൂൾ. **2024-25** അധ്യയനവർഷത്തിലെ എസ്എസ്എൽസി പരീക്ഷയിൽ കോഴിക്കോട് ജില്ലയിലെ മികച്ച വിദ്യാലയങ്ങളുടെ പട്ടികയിൽ നാലാം സ്ഥാനം കരസ്ഥമാക്കാനും സാധിച്ചു. വിദ്യാർത്ഥികളുടെ സാമൂഹിക, സാംസ്കാരിക ,മാനവിക മൂല്യങ്ങൾ വളർത്തുന്നതിനും സഹജീവനത്തി**ന്റെ** പ്രാധാന്യം ബോധ്യപ്പെടുത്തുന്നതിന് ലക്ഷ്യമിട്ട് ജെ ആർ സി, ഗൈഡ്സ്, സ്കൗട്ട് എന്നിവ ശക്തമായ പ്രവർത്തനങ്ങളുമായി വിദ്യാലയത്തിൽ മുന്നോട്ട് നീങ്ങുന്നു.

അറിവ് മാത്രമല്ല ശീലങ്ങളും മൂല്യങ്ങളും ഉൾക്കൊള്ളുന്ന സമഗ്ര വിദ്യാഭ്യാസം നൽകുകയും സമൂഹത്തിൽ ആക്ടീവ് പൗരന്മാരായി വളരുന്ന ആധുനികതയും. മാനവികതയും സമന്വയിക്കുന്ന പുതിയ തലമുറയെ പാകപ്പെടുത്താൻ കഴിയുന്ന ശാന്തവും ആശയവിനിമയത്തിനും പുതിയ ആശയങ്ങൾക്കുമായി തുറന്നതുമായ ഒരു പഠന പരിസരം ഒരുക്കിക്കൊണ്ട് **2025 - 26** അധ്യയനവർഷത്തിലെ അക്കാദമിക് മാസ്റ്റർ പ്ലാൻ ഇവിടെ തുടക്കം കുറിക്കുന്നു.

**<u>ആമുഖം</u>**

2025 – 26 അധ്യയന വർഷം സമഗ്ര ഗുണമേന്മ വർഷമാണ്. സമൂഹ മുന്നേറ്റത്തിന് നേതൃത്വം നൽകുന്ന തലമുറയെ വളർത്തുക എന്ന ലക്ഷ്യത്തോടെ ഓരോ കുട്ടിയുടെയും പഠന പുരോഗതിയും സമഗ്ര വികാസവും ഉറപ്പാക്കുന്ന രീതിയിലാണ് അക്കാദമിക് ആസൂത്രണം നടത്തിയിട്ടുള്ളത്. ഓരോ ക്ലാസ് മുറിയിലും ഓരോ കുട്ടിയുടെയും തലത്തിൽ പ്രാവർത്തികമാകുന്ന രീതിയിൽ അക്കാദമിക് ലക്ഷ്യങ്ങളും ,വിഭവ വിനിയോഗങ്ങളും, പ്രവർത്തന പരിപാടികളും അടങ്ങിയ മാസ്റ്റർ പ്ലാൻ അതത് അധ്യാപകർ തയ്യാറാക്കുന്നു. എൽ പി, യു പി, എച്ച് എസ് വിഭാഗം എസ് ആർ ജി കൂടി ചേർന്നുകൊണ്ട് സ്കൂൾ തല അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കി.

**2024–25 അധ്യയന വർഷത്തിലെ അക്കാദമിക് മികവുകൾ**

- എസ് എസ് എൽ സി പരീക്ഷയിൽ 100% വിജയം.
- 49 ഫുൾ എപ്ലസ്
- നാല് കുട്ടികൾക്ക് 9 വിഷയങ്ങളിൽ എ പ്ലസ്
- ഹയർസെക്കൻഡറി പരീക്ഷയിൽ മികച്ച വിജയം
- എൽ എസ് എസ് പരീക്ഷയിൽ 18 ജേതാക്കൾ.
- യു എസ് എസ് പരീക്ഷയിൽ 34 ജേതാക്കൾ
- എം ടി എസ് പരീക്ഷയിൽ 6 ജേതാക്കൾ
- ഡി സി എൽ സ്കോളർഷിപ്പ് പരീക്ഷയിൽ മികച്ച വിജയം

**മുൻവർഷത്തെ അക്കാദമിക് മാസ്റ്റർ പ്ലാൻ അനുസരിച്ച് നേടിയെടുത്ത മികവുകൾ**

- എസ്എസ്എൽസി പരീക്ഷയിൽ 100% വിജയം നേടി കോഴിക്കോട് ജില്ലയിലെ മികച്ച വിദ്യാലയങ്ങളിൽ നാലാം സ്ഥാനം നേടി.
- എൽ എസ് എസ് , യു എസ് എസ് ജേതാക്കളുടെ എണ്ണത്തിൽ വർദ്ധന വ്
- വിവിധ മത്സര പരീക്ഷകളിലെ മികവ്
- കലാകായിക മേഖലയിൽ സബ് ജില്ലാ ജില്ലാ തലത്തിൽ മികച്ച പ്രകടനം.
- പ്ലസ്ടു പരീക്ഷയിൽ വിജയശതമാനത്തിൽ വർദ്ധനവ്.

## ACADEMIC MASTER PLAN – MATHS (HS)

**<u>ആമുഖം</u>**

ഗണിതം വിദ്യാർത്ഥികളുടെ ചിന്താശേഷി, വിശകലന കഴിവ്, പ്രശ്നപരിഹാരനൈപുണ്യം എന്നിവ വളർത്തുനതിനുള്ള ഏറ്റവും പ്രധാനപ്പെട്ട വിഷയങ്ങളിലൊന്നാണ് .പഠനം സുഗമമായി നടത്താൻ അധ്യയന വർഷം മുന്ന് ഭാഗങ്ങളായി വിഭജിച്ച്, ഒരോ ഘട്ടത്തിലും പ്രത്യേകമായ പഠനപദ്ധതികൾ തയ്യാറാക്കിയിരിക്കുന്നു.

ഈ മാസ്ററർ പ്ലാൻ പ്രകാരം ഒരോ ഘട്ടത്തിയും പഠനലക്ഷ്യങ്ങൾ, പരിശീലന പ്രവർത്തനങ്ങൾ, ആവർത്തനങ്ങൾ എന്നിവ ഉൾപ്പെടുത്തി വിദ്യാർത്ഥികളുടെ സർഗ്ഗാത്മകമായ പങ്കാളിത്തം ഉറപ്പാക്കുന്നു. ഇതിലുടെ വിദ്യാർത്ഥികൾക്ക് ഗണിതം എളുപ്പത്തിൽ മനസ്സിലാക്കാനും പരീക്ഷയിൽ മികച്ച വിജയം നേടാനും സഹായിക്കും.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| അടിസ്ഥാന ആശയങ്ങൾ വ്യക്തമായി മനസ്സിലാക്കുക<br>കൂട്ടായ്മ മനോഭാവം വളർത്തുക<br>സ്വയം പഠനശീലം വികസിപ്പിക്കുക<br>പഠനം ആകർഷകമാക്കുക<br>ഗണിത പോസ്റ്റർ, ചാർട്ട് തയ്യാറാക്കൽ | പാഠഭാഗങ്ങളുടെ പരിചയം<br>അടിസ്ഥാന അഭ്യാസങ്ങൾ<br>ഗ്രൂപ്പ് പ്രവർത്തനങ്ങൾ<br>ക്ലാസ്സ് ക്വിസ്സ്, ഗണിത ഗെയിംസ്<br>ഗൃഷ്ടിപരമായ കഴിവുകൾ വികസിപ്പിക്കുക | ജൂൺ ആഗസ്റ്റ് |
| ഗണിതം ജീവിതവുമായി ബന്ധിപ്പിച്ച് പഠിക്കുക<br>ആശയവിനിമയ കഴിവ് വളർത്തുക, പ്രശ്നപരിഹാര ശേഷി വികസിപ്പിക്കുക<br>പഠനപുരോഗതി വിലയിരുത്തുക, മെച്ചപ്പെടുത്താൻ സഹായിക്കുക<br>ഗണിതമത്സര വേദിയിലേക്ക് മേളകളിൽ ഊർജ്ജ | പ്രൊജക്ട് പ്രവർത്തനങ്ങൾ, ഡാറ്റ ശേഖരണം<br>മോഡൽ തയ്യാറാക്കൽ, ഗ്രൂപ്പ് ഡിസ്കഷൻ<br>യൂണിറ്റ് ടെസ്റ്റുകൾ, ക്ലാസ്സ് ടെസ്റ്റുകൾ<br>ഗണിത ക്ലബിന്റെ പ്രവർത്തനങ്ങൽ മെച്ചപ്പെടുത്തുക, മത്സരത്തിന് പ്രാപ്തരാക്കൽ | സെപ്തംബർ - ഡിസംബർ |

| | | |
|---|---|---|
| സ്വലത കൈവരിക്കൽ | | |
| പരീക്ഷയ്ക്ക് ആത്മവിശ്വാസത്തോടെ തയ്യാരാക്കുക<br>പരീക്ഷ രീതിയെക്കുറിച്ച് വ്യക്തത നേടുക<br>സ്വയം വിലയിരുത്തൽ സാധ്യമാക്കുക<br>പഠനം സജീവവും രസകരവുമാക്കുക<br>വിദ്യാർത്ഥികളുടെ ബുദ്ധിമുട്ടുകൾ കുറയ്ക്കുക. | ആവർത്തന ക്ലാസ്സുകൾ, ചോദ്യപേപ്പർ അഭ്യാസങ്ങൾ<br>മുൻവർഷ ചോദ്യപേപ്പർ ചർച്ച<br>മോഡൽ പരീക്ഷ<br>ഗണിതക്വിസ്, ഗെയിംസ്<br>വ്യക്തിഗത ഗ്രൂപ്പ് doubt clearing sessions. | ജനുവരി - മാർച്ച് |

## BIOLOGY (HS)

മൃഗങ്ങളെയും സസ്യങ്ങളെയും കുറിച്ചുള്ള ശാസ്ത്രീയ പഠനമാണ് ജീവശാസ്ത്രം. ജീവന്റെ വൈവിധ്യം, പരിണാമബന്ധങ്ങൾ, പരിസ്ഥിതി ഇടപെടലുകൾ, കൂടാതെ മൃഗങ്ങളുടെ പെരുമാറ്റത്തെയും ജീവശാസ്ത്ര പ്രവർത്തനങ്ങളെയും നിയന്ത്രിക്കുന്ന ജൈവയാന്ത്രികങ്ങളെയും മനസ്സിലാക്കുന്നതിൽ നിർണായക പങ്ക് വഹിക്കുന്നു. ജീവശാസ്ത്രത്തിന്റെ ഈ സമഗ്ര പദ്ധതി, സിദ്ധാന്തപരമായ അറിവുകൾ ഏകീകരിക്കുകയും ശാരീരികശാസ്ത്രം, പരിണാമ ശാസ്ത്രം, വർഗ്ഗീകരണം, ജനിതകശാസ്ത്രം എന്നിവയിലുമുള്ള പുരോഗമന ഗവേഷണങ്ങളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. ഈ പദ്ധതി മൃഗ-സസ്യജീവിതത്തെ അന്വേഷിക്കുന്നതിന് ഘടനാപരമായ ഒരു ചട്ടക്കൂട് നൽക്കുന്നു. ശാസ്ത്രത്തിനും, പരിസ്ഥിതി സംരക്ഷണപ്രവർത്തനങ്ങൾക്കും ഉചിതമായ സംഭാവന നൽകുന്നതിനാവശ്യമായ മാർഗ്ഗശാസ്ത്രങ്ങളും ഉറപ്പാക്കുന്നു.

### ലക്ഷ്യങ്ങൾ

- എല്ലാ വിദ്യർത്ഥികളും ജീവശാസ്ത്രത്തിൽ പ്രതീക്ഷിക്കുന്ന പഠനഫലങ്ങൾ നേടുന്നതായി ഉറപ്പാക്കുക.
- ഓരോ പഠിതാവിലും അടിസ്ഥാന ശാസ്ത്രീയ പ്രക്രിയാസംബന്ധിയായ കഴിവുകൾ വികസിപ്പിക്കുക.
- സൃഷ്ടി പരത്വം, കൗതുകം, ശാസ്ത്രീയ അറിവിന്റെ പ്രയോഗം എന്നിവ വളർത്തിപ്പോരുക.
- ഫീൽഡ് ട്രിപ്പുകൾ, പരീക്ഷണങ്ങൾ, സമൂഹപങ്കാളിത്തം എന്നിവ വഴി യാഥാർത്ഥ്യാധിഷ്ഠിത

**ജീവശാസ്ത്രം – നിശ്ചിത തന്ത്രങ്ങൾക്കും പരിഹാരങ്ങൾക്കും**

| പ്രശ്നം/ആശയം | പരിഹാര നടപടികൾ | കാലരേഖ | ഉത്തരവാദിത്വം |
|---|---|---|---|
| എല്ലാ വിദ്യാർത്ഥികളും പ്രതീക്ഷിക്കുന്ന ഫലങ്ങൽ നേടുക | വർക്ക് ഷീറ്റുകൾ തയ്യാറാക്കുക, സ്ഥിരമായ മൂല്യ നിർണയം, അധ്യാപന പഠന സാമഗ്രികളുടെ ഉപയോഗം | ജൂൺ 2025 | ബയോളജി അധ്യാപകർ |
| ശാസ്ത്രത്തിൽ നിലവാരത്തിലുള്ള പ്രക്രിയാ നൈപുണ്യങ്ങൾ | ക്ലാസുകൾ സജ്ജമാക്കുക. സയൻസ് കോണുകൾ, ബാല ശാസ്ത്രോത്സവങ്ങൾ, സ്ഥിരമായ സയൻസ് മാജിക്ക് ഷോകൾ | ജൂൺ 2025 | മാനേജ്മെന്റ് , |
| ശാസ്ത്രിയ സൃഷ്ടിപരമായ അവസരങ്ങൾ | ലാബ് ഒരുക്കുക, സയൻസ് സെഷനുകൾ, ആധുനിക ഐ സി ടി സാമഗ്രികൾ | ജൂൺ-മാർച്ച് 2025 | ശാസ്ത്ര ക്ലബ്, പിടിഎ |
| ശാസ്ത്രത്തിന്റെ യാഥാർത്ഥ്യ ജീവിത പ്രയോഗം | ഫീൽഡ് സന്ദർശനങ്ങൾ, ശാസ്ത്രസന്ധ്യകൾ, ആശയ മുദ്രാവാക്യങ്ങൾ | വാർഷികം | ശാസ്ത്ര ക്ലബ്, പിടിഎ |

| | | | |
|---|---|---|---|
| ശാസ്ത്രീയ കൗതുകത്തിൽ കുറവ് | ഡിജിറ്റൽ ലൈവ ക്ലാസുകൾ, മൊബൈൽ ആപ്പുകൾ , പ്ലാനിറ്റോറിയം, ചിന്താക്ലബുകൾ, ബയോപാർക്കുകൾ | 2025-26 | ശാസ്ത്ര ക്ലബ് |
| ശാസ്ത്രീയ അന്തരീക്ഷത്തിന്റെ അഭാവം | സയൻസ് പാർക്ക് ബാഹ്യപരീക്ഷണങ്ങൾ | 2025 - 26 | സർക്കാർ, സ്കൂൾ |

## പ്രധാന സവിശേഷതകൾ

→ പ്രായോഗിക ശ്രദ്ധ :-

സയൻസ് ലാബുകൾ, കിറ്റ് അധിഷ്ഠിത പരീക്ഷണങ്ങൾ, നിരീക്ഷണ അധിഷ്ഠിത ഘടകങ്ങൾ, സൃഷ്ടിപരമായ പ്രവൃത്തികൾ - വർഷം മുഴുവൻ മുൻഗണന നൽകപ്പെടുന്നു.

→ തുടർച്ചയായ മൂല്യനിർണ്ണയം :-

അധ്യാപകൾ വർക്ക്ഷീറ്റുകൾ, ചെറു പരീക്ഷകൾ , നിരീക്ഷണ രേഖകൾ എന്നിവ ഉപയോഗിക്കുന്നു.

ഡിജിറ്റൽ ഏകീകരണം

ഡിജിറ്റൽ പഠന സാമഗ്രികൾ, ഐ.സി.ടി ലാബുകൾ, മൊബൈൽ ആപ്പുകൾ, ലൈവ് ക്ലാസുകൾ എന്നിവ ഉപയോഗിച്ച് ജീവശാസ്ത്ര പഠനം കൂടുതൽ ആകർഷകമാക്കുന്നു.

ഉൾക്കൊള്ളൽ

പ്രത്യേക പഠന ഘടകങ്ങളും, സഹപാഠികളുടെ പിന്തുണയും ഉപയോഗിച്ച് വൈകല്യമുള്ളവർക്കും മന്ദഗതിയിലുള്ള വിദ്യാർത്ഥികൾക്കും സഹായം നൽകുന്നു.

>സമൂഹ പങ്കാളിത്തം.

സ്ഥിരമായ ഫീൽഡ് ട്രിഡുകൾ, ശാസ്ത്ര പ്രദർശനങ്ങൾ, ശാസ്ത്ര സന്ധ്യകൾ, പ്രദേശിക മാർക്കറ്റുകളുമായി ബന്ധങ്ങൾ, എന്നിവ ഉൾപ്പെടുത്തുന്നു.

> സൃഷ്ടികളും വിനോദവും.

ശാസ്ത്ര മാജിക് ഷോകൾ, പഠനോദ്യാനങ്ങൾ, ഭിത്തി ചിത്രങ്ങൾ, നാടകങ്ങൾ എന്നിവ കൗതുകം ഉണർത്തുന്നതിന് ഏകീകരിച്ചിരിക്കുന്നു.

**വാർഷിക നടപ്പാക്കലുകൾ.**

**ഒന്നാം ഘട്ടം**

→അടിസ്ഥാന ആശയങ്ങൾ, ലാബ് സജീകരണം, അടിസ്ഥാന പരീക്ഷണങ്ങൾ.

രണ്ടാം ഘട്ടം -

പ്രക്രിയാ നൈപുണ്യ വികസനം, യഥാർത്ഥ്യ ജീവിത ത്തിൽ പ്രയോഗം, ഫീൽഡ് സന്ദർശനങ്ങൾ

മൂന്നാം ഘട്ടം.

സൃഷ്ടിപരമായ പദ്ധതികൾ, മത്സരങ്ങൾ, പൊതു പ്രദർശനങ്ങൾ തുടർച്ചയായ അവലോകനം

**സമാപനം**

ഇത്, കേരളത്തിലെ ഹൈസ്കൂളുകളിലെ ജീവശാസ്ത്രം പഠനം ആന്തരികമായും, സമഗ്രമായും എല്ലാ വിദ്യാർത്ഥി. കൾക്കും പ്രാപ്യമായും ആക്കുന്നത് ഉറപ്പാക്കുന്നു. ഇത് ഏറ്റവും പുതിയ പാഠ്യരീതിനിർദ്ദേശങ്ങളും നവീകരണങ്ങളും പ്രതിഫലിപ്പിക്കുന്നതാണ്.

# HS ENGLISH

A masterplan for english serves as a comprehensive frame work designed to guide systamatic learning,teaching and development of the english language.It provides a clear load map that aligns objectives,strategies and resources to achieve excellence in communication,combrehension and expression.The plan emphasizes building strong foundation in listening,speaking,reading and writing while also integrating critical thinking,creativity,and cultural awareness.By offering a structured approach the master plan ensures consistent progress,promotes effective teaching methodologies and nurtures learners to confidently use english in academic, professional and real like contexts. It emphasizes excellence in both written and aspoken english,while integrating digital literacy,reserch skills and cross cuitural competencies.

**VISION AND GOALS**

.Develops strong reading,writing,listening and speaking skills.

.Build critical  thinking through literature and language study.

.Strengthen academic writing for exams,resrech and higher studies.

.Encourage creative expression in writing and communication.

.Prepare learners for glovbal opportunities.

**CORE AREAS OF FOCUS**

1.Language proficiency

.Grammer,vocabulary,syntax,phonetics

.sentence constructionand advanced writing

2.Literature

.study of poetry,peoze,drama and novel.

.Analysis of themes, styles and cultural contexts.

3.Communication skills

.public speaking ,debates,group discussions.

.Academic presentations and interviews.

4.writing skills

.Creative writing(stories,poems and essays)

.Academic writing(reseach papers,reports,formal letters)

5.Research and critical thinking

.Interpretation of texts

.Comparative literature studies.

.Independent projects

**LONG TERM OUTCOMES**

.Confident communicator in english

.Strong academic writing and research ability.

Deep appreciation of literature and culture.

Preparedness of global opportunities.

| Aim | Activity | Period | Assigned by |
|---|---|---|---|
| 1.listening<br>Gives ampl;e oppurtunities for listening.<br><br>2.speaking<br>Gives ample opportunities for speaking | Teachors gives opportunities for listening to stories news etc.<br><br>Teachers gives a topic in the class and asks children to speak 2-3 minutes about it.Encourages students to speak in english in the class. | Once a week<br><br>Twice a week | English teacher<br><br>English teachers |

| | | | |
|---|---|---|---|
| 3.Reading<br>Gives ample opportunities for reading | Teacher gives a topic and asks to write a story on it.Teacher gives some lines of a poem and asks students to add more lines. | Once a week | English teachers |
| 4.Writing<br>Gives ample opportunities for speaking | Teachers gives a topic and asks to write a story on it.Teachers gives some lines of a poem and asks students to add more lines. | Once a week | English teachers |
| 5.Comprehension | Teachers ask the students to listen to a short story or a news segment and then answer questions to check their understanding. | Once a week | English teachers |
| 6.vocabulary building | Teachers introduce new words each week ask students to use them in sentenses.a vocabulary quiz can be conducted at the end of each month. | Once a week | English teachers |

| | | | |
|---|---|---|---|
| 7.Grammer practice | Teachers provide excersise on different grammer topics such as tenses, prepositions,conjunctions etc | | |
| 8.Pronounciation imoprovement | Teachers familiarize children with coprrect pronounciation of the words.Students practise difficult sounds and words and participate in speaking excersise. | Once a week | English teachers |
| 9. Group discussion | Teachers organize group discussions on various topics.students are divided in to small groups and each group presents their views on th topic | | |
| 10.English film festival | Organize an english film festival where students watch selected english movies or short films. | Once a month | English Teachers and School Management |
| 11.Gives ample exposure | Cinema and documentary -profile and script making Role play,seminars,public speaking,simple game in english | Along with classroom activities | |
| 12.Drama | Give opportunities in english assembly,skit,puppet shows,english lab | Common Activities | |
| 13.Conducting | To conduct | | |

| | | | |
|---|---|---|---|
| talk shows and seminars | interviews,seminars and talk shows withnative speakers and famous english writers ,poets. | Twice in a Year | English Teachers and School Management |

**Evaluvation**

Students will be able to face the audience without fear. To expresd the ideas coherently, improve self confidence and leadership values. Encourage the students to learn the spellings, meanings of words, develop better understanding of language. Students will also get a chane to perform different programms. The importance of English language will be known by the Public.

**PHYSICAL SCIENCE – HS**

| ലക്ഷ്യം | പ്രവർത്തനം | കാലം |
|---|---|---|
| 1. ശാസ്ത്ര പഠനത്തിൽ താല്പര്യം വളർത്തുക നിരീക്ഷണ പാടവം പരിപോഷിപ്പിക്കുക | 1. പാഠപുസ്തകത്തിലെ ആശയങ്ങൾക്ക് അനുസൃതമായ ലഘുപരീക്ഷണങ്ങൾ നടത്തുക. മോഡൽ നിർമ്മാണം. | 1 വർഷം |
| 2. ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കാനുള്ള അനുഭവങ്ങൾ ഒരുക്കുക വഴി ശാസ്ത്രാവബോധം വളർത്തുക. | 2. ഗവേഷണ പരീക്ഷണങ്ങൾ നടത്തി റിപ്പോർട്ട് തയ്യാറാക്കൽ ശാസ്ത്രരംഗം മാഗസിൻ പരിചയപ്പെടൽ സയൻസ് മാഗസിൻ നിർമ്മാണം | 1 വർഷം |
| 3. ശാസ്ത്ര | 3. സെമിനാർ | 1 വർഷം |

| | | |
|---|---|---|
| മേഖലയുമായി ബന്ധപ്പെട്ട് നിരന്തരമായ അന്വേഷണം നടത്തുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്യാനുള്ള ശേഷി നേടുകയും ചെയ്യുക. | അവതരണം<br>ഉൽപ്പന്ന പ്രദർശനം | |
| 4. മാനവികതയിൽ ഊന്നിയുള്ള ശാസ്ത്രവബോധം വളർത്തുന്നതിന് | 4. ശാസ്ത്രമാഗസിൻ പ്രസിദ്ധീകരണം<br>ശാസ്ത്രജ്ഞന്മാരുടെ ജന്മദിനാചരണം<br>ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളുടെ റിപ്പോർട്ട് | 1 വർഷം |
| 5. പരിസ്ഥിതി ബോധം വളർത്തുന്നതിന് | 5.ചാർട്ട് പ്രദർശനം<br>ബോധവൽക്കരണ പരിപാടികളുടെ ആസൂത്രണം | നവംബർ<br>Science Club |
| 6. ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക. | 6. ക്വിസ് മത്സരം<br>പ്രോജക്ട് തയ്യാറാക്കൽ | Teachers<br>Science Club |

**ഉപസംഹാരം**

വ്യത്യസ്ത ജീവിത സാഹചര്യങ്ങളിൽ നിന്നും വരുന്ന സമൂഹത്തിന്റെ വിവിധ തുറകളിൽപ്പെട്ട വിദ്യാർത്ഥികൾ ഈ വിദ്യാലയത്തിൽ പഠിക്കുന്നു. എല്ലാ വിഭാഗം കുട്ടികൾക്കും അവസര സമത്വം ഉറപ്പുവരുത്തി കൊണ്ട് ശിശു കേന്ദ്രീകൃതവും പ്രവർത്തനാധിഷ്ഠിതവുമായ ക്ലാസ് റൂം അന്തരീക്ഷം ഒരുക്കി കൊടുത്തുകൊണ്ട് കുട്ടികൾക്ക് എല്ലാവിധത്തിലുള്ള കൈത്താങ്ങായി

അധ്യാപകർ മാറുന്നു. സ്കൂൾ മാനേജ്മെന്റ്പരിപൂർണ്ണമായ പിന്തുണ നൽകുന്നു.

## കായിക വിദ്യാഭ്യാസം H.S

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1.കുട്ടികളുടെ ശാരീരിക മാനസിക ആരോഗ്യം പരിപോഷിപ്പിക്കൽ | * മാസ് ഡ്രിൽ പരിശീലനം *വിദ്യാലയത്തിലെ കുട്ടികളെ പരിശീലിപ്പിച്ച അന്തർദേശീയ തലത്തിൽ മത്സരിപ്പിക്കുന്നതിന് *എയറോബിക്സ് പരിശീലനം നൽകി കുട്ടികളുടെ ശാരീരികം മാനസിക ആരോഗ്യ നിലനിർത്തുന്നതിന് *വിവിധതരം ഗെയിംസ് പരിശോധിക്കുന്നതിലൂടെ മാനസിക പിരിമുറുക്കം കുറയ്ക്കുന്നതിന് | അക്കാദമിക വർഷം | കായിക അധ്യാപകർ | സ്കൂൾ മാനേജ്മെന്റ് |

## സാമൂഹ്യശാസ്ത്രം H.S

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1.കുട്ടികളെ ചരിത്രബോധം ഉള്ളവരാക്കി തീർക്കുക | 1. ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പ് നടത്തുന്നു. | 1. അക്കാദമിക വർഷത്തിലെ മുൻകൂട്ടി നിശ്ചയിച്ച തീയതികളിൽ | 1. സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 2. കുട്ടികളിൽ ജനാധിപത്യം, പൗരബോധം,മൂല്യബോധം എന്നിവ വളർത്തിയെടുക്കുന്നു. | സ്കൂൾ പാർലമെന്റ് , വൃദ്ധസദനങ്ങൾ സന്ദർശിക്കൽ, സ്കൂൾ ശുചീകരണം എന്നിവ നടത്തുന്നു | . അക്കാദമിക വർഷത്തിലെ മുൻകൂട്ടി നിശ്ചയിച്ച തീയതികളിൽ | 2.സാമൂഹ്യ ശാസ്ത്ര അധ്യാപകർ | 2. കുട്ടികൾ |
| 3. സാമൂഹ്യശാസ്ത്രത്തിൽ പരീക്ഷണ നിരീക്ഷണങ്ങൾ വളർത്തുക | 3. മഴമാപിനി,ജലം,മണ്ണ് എന്നിവ പരിശോധിക്കൽ തുടങ്ങിയ കൗതുകം ഉണർത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നു. | 3. വർഷം മുഴുവൻ | 3.സാമൂഹ്യ ശാസ്ത്ര അധ്യാപകർ | 3. സോഷ്യൽ സയൻസ് ക്ലബ്ബ് |
| 4. മതേതരത്വം | 4. അഭിമുഖങ്ങൾ,സം | 4. വർഷം | 4.സാമൂഹ്യ | 4. പി ടി |

| | | | | |
|---|---|---|---|---|
| എന്ന ആശയം വളർത്തിയെടുക്കുന്നു. | വാദം എന്നിവ സംഘടിപ്പിക്കുന്നു | മുഴുവൻ | ശാസ്ത്ര അധ്യാപകർ | എ |
| 5. ഭൂപടം വായന സ്ഥലനിർണയം എന്നിവ പഠിക്കുന്നു | 5. അറ്റ്ലസ് നിർമ്മാണം, ഗ്ലോബ് നിർമ്മാണം എന്നിവ നടത്തുന്നു. | 5. വർഷം മുഴുവൻ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | സോഷ്യൽ സയൻസ് ക്ലബ്ബ് |
| 6. ഉന്നത നിലവാരം നേടുന്നതിനായി പൊതുവിജ്ഞാനം വളർത്തിയെടുക്കുന്നു. | 6. ക്വിസ്,ദിനാചരണങ്ങൾ,ചരിത്ര സിനിമ പ്രദർശനം, സംവാദം എന്നിവ നടത്തുന്നു. | വർഷം മുഴുവൻ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | സോഷ്യൽ സയൻസ് ക്ലബ്ബ് |
| 7. കുട്ടികളിൽ പ്രാദേശിക ചരിത്രത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നു. | 7. മ്യൂസിയം സന്ദർശനം,വീഡിയോ, ചരിത്രകാരന്മാരുടെ ക്ലാസുകൾ എന്നിവ നടത്തുന്നു. | 7. അക്കാദമിക വർഷത്തിലെ മുൻകൂട്ടി നിശ്ചയിച്ച ദിവസങ്ങളിൽ. | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

**കലാ വിഭാഗം H. S ( ചിത്ര, ചലച്ചിത്ര ,നൃത്ത സംഗീത നാടക അക്കാദമി)**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | സമയം | ചുമതല | ഭൗതികം |
|---|---|---|---|---|
| 1. സമഗ്ര വികസനം, മൂല്യബോധം ആസ്വാദനം | 1. സർഗ്ഗ രചന,വിവിധ രചന | 1. ക്ലാസ് സമയം | 1. ചിത്രകല അധ്യാപകർ | 1.രചനാ സാമഗ്രികൾ |

| | | | | |
|---|---|---|---|---|
| | രീതികൾ, വിവിധ സംസ്കാര കലാ സംഭാവനകൾ പരിചയപ്പെടൽ, അവതരണം | | | |
| 2. ക്രിയാശേഷി,കലാ അനുഭവം, ഉല്ലാസം | 2. ദിനാചരണങ്ങളുടെ ഭാഗമായി ക്യാൻവാസ് രചന,പാവനാടകം, നിർമ്മാണം, പ്രദർശനം, ശില്പശാല | 2.സ്കൂൾ ആഘോഷവേളകൾ | 2. ചിത്രകല അധ്യാപകർ, കലാഭിരുചിയുള്ള വ്യക്തികൾ, അധ്യാപകർ | 2.നിർമ്മാണ രചന സാമഗ്രഹികൾ. |
| 3. സർഗ്ഗശേഷി,അനുഭവഞാനം, മാനവികത | 3. കലാ അക്കാദമി സന്ദർശനം, കലാപ്രതിഭാസംഗമം,അഭിമുഖം | | 3. കലാ അധ്യാപകർ, അഭിരുചിയുള്ള അധ്യാപകർ | |

**ഹിന്ദി ( H. S)**

ആമുഖം

സ്കൂളിൽ പഠിക്കുന്ന എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ എഴുതാനും വായിക്കാനും സംസാരിക്കാനും ഉള്ള കഴിവ് വളർത്തിയെടുക്കാനുള്ള പ്രവർത്തനങ്ങൾക്ക് പ്രാധാന്യം കൊടുത്തുകൊണ്ട് താഴെ കൊടുത്തിരിക്കുന്ന ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും കാര്യക്ഷമമായി നടത്തുക. U. P തലത്തിൽ ആർജിക്കേണ്ട കഴിവുകൾ എല്ലാം തന്നെ

പൂർണ്ണമായും ഉൾക്കൊണ്ടിട്ടില്ല എന്ന് മനസ്സിലാക്കാൻ കഴിഞ്ഞു. അതിനാൽ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ പ്രവർത്തിക്കുക.

**പൊതുവായ ലക്ഷ്യങ്ങൾ**

* സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ ഫലപ്രദമായി എഴുതാനും വായിക്കുവാനും സംസാരിക്കാനുമുള്ള കഴിവ് വളർത്തിയെടുക്കുക.

* ഓരോ യൂണിറ്റിനും ലഭിക്കേണ്ട പഠന നേട്ടങ്ങൾ എല്ലാ കുട്ടികൾക്കും നേടിയെന്ന് ഉറപ്പാക്കുക

* ഹിന്ദി ഭാഷാ പഠനം ലളിതവും രസകരവും ആകർഷവും ആക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക

* ഹിന്ദി ഭാഷ പഠനത്തിലൂടെ കുട്ടികൾക്ക് ഭാഷ സ്നേഹവും ദേശ സ്നേഹവും വളർത്തിയെടുക്കുക.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| * ഹിന്ദി എഴുതുവാനും വായിക്കാനും പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി കൂടുതൽ പരിശീലനം നൽകുന്നു. | * ഹിന്ദി വർക്ക് ഷീ റ്റുകൾ നൽകുന്നു.<br>* ഹിന്ദി കലണ്ടർ തയ്യാറാക്കുന്നു | ജൂൺ<br>ജൂലൈ |
| * ആഴ്ചയുടെ പേരുകൾ എണ്ണങ്ങൾ കാർട്ടൂൺ ചിത്രകഥ എന്നിവ വായിച്ചിട്ട് ആശയം അവതരിപ്പിക്കുവാൻ കഴിയുന്നു. | * കേട്ടെഴുത്ത് പത സൂര്യൻ പ്രശ്നോത്തരി എന്നിവ നൽകുന്നു.<br>* ചിത്രകഥ, കാർട്ടൂൺ, ചെറുകവിതകൾ തുടങ്ങിയവ വായനയ്ക്കായി നൽകുന്നു. | ഓഗസ്റ്റ് |
| * നാമം സർവ്വനാമം വിശേഷണം എന്നിവ മനസ്സിലാക്കുന്നു. വാക്യഘടന പരിചയപ്പെടുത്തി ചെറിയ ചെറിയ | * ചാർട്ടുകൾ നൽകി അവയിൽ നിന്നും നാമം സർവ്വനാമം വിശേഷണം എന്നിവ കണ്ടെത്താൻ പറയുന്നു . കവിത കഥ പൂരിപ്പിക്കുവാൻ നൽകുന്നു | സെപ്റ്റംബർ<br>ഒക്ടോബർ |

| | | |
|---|---|---|
| മുദ്രാവാക്യങ്ങൾ എഴുതുവാൻ അറിയുന്നു. | സൂചനാ ബോർഡുകൾ എഴുതി ക്ലാസിൽ പ്രദർശി പ്പിക്കുവാൻ പറയുന്നു. | |
| * പോസ്റ്റർ ഡയറി തിരക്കഥ സ്വഭാവ സവിശേഷതകളിൻമേൽ കുറിപ്പ് കവിതയുടെ ആസ്വാദനക്കുറിപ്പ് എന്നിവ തയ്യാറാക്കാൻ അറിയുന്നു. | * പദ്യം ചൊല്ലൽ ചൊല്ലൽ ,കഥ, കവിത, പോസ്റ്റർ നിർമ്മാണം എന്നിവ സംഘടിപ്പിക്കുന്നു ചെറിയ കവിതകൾ നൽകി ആസ്വാദനകുറിപ്പ് തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കുവാൻ പറയുന്നു. | നവംബർ ഡിസംബർ |
| * സാഹിത്യാഭിരുചി വളർത്തുക ഹിന്ദി വാരാഘോഷ സമയത്ത് ഹിന്ദി ക്ലബ്ബ് കലോത്സവം മികച്ച രീതിയിൽ നടത്തുന്നു. കുട്ടിയുടെ മികച്ച പങ്കാളിത്തം ഉറപ്പുവരുത്തുന്നു. | * നാടകവേദിയിൽ അവതരിപ്പിക്കുന്ന സന്ദർഭോചിതമായ സംഭാഷണം തയ്യാറാക്കുക.പാഠഭാഗത്തിലെ സന്ദർഭം നൽകി,കഥാപാത്രങ്ങളെ ആസ്പദമാക്കി ചരിത്രക്കുറിപ്പ് തയ്യാറാക്കുവാൻ പറയുന്നു. എല്ലാദിവസവും ഡയറി എഴുതുവാനുള്ള നിർദ്ദേശം നൽകുന്നു. | ജനുവരി - ഫെബ്രുവരി |

**H S- ICT**

**ആമുഖം**

വിദ്യാർത്ഥികളെ സാങ്കേതികവിദ്യയുടെ സമഗ്ര വ്യക്തിവികാസത്തിലേക്ക് നയിക്കുന്നതിന് പ്രധാന പങ്ക് ഐ സി ടി വഹിക്കുന്നു. വിജ്ഞാനത്തി**ന്റെ** വിവിധ മണ്ഡലങ്ങളെ കോർത്തിണക്കിക്കൊണ്ട് വിദ്യാർത്ഥികൾക്ക് കൂടുതൽ വിജയകരമായി വിശകലനം ചെയ്യാൻ സാങ്കേതികവിദ്യയുടെ പങ്ക് അനിവാര്യമാണ്.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| 1.പഠന ബോധന പ്രക്രിയയിൽ ഐ.ടിയുടെ സാധ്യത. | 1.പഠനപ്രക്രിയയുടെ ഭാഗമായി പ്രശ്നപരിഹാരത്തിന് ആവശ്യമായ വിവരങ്ങൾ ശേഖരിക്കുന്നു. ക്ലാസിൽ പ്രോജക്ടർ ഉപയോഗിച്ച് പഠന പ്രവർത്തനങ്ങൾ ചെയ്യുന്നു. | |
| 2. മാനവരാശി വികസിപ്പിക്കുന്ന അറിവിനെ പ്രയോജനപ്പെടുത്ത ൽ | 2.ഇന്റർനെറ്റിന്റെ ഉപയോഗം | |
| 3. നിർമ്മിത ബുദ്ധി- റോബോട്ടിക്സ് എന്നിവയുടെ സാധ്യത | 3.റോബോട്ടിക് കിറ്റ് ഉപയോഗിച്ചുള്ള പഠന പ്രവർത്തനം | |
| 4. സംഘബോധം ഉണ്ടാക്കൽ | 4.സംഘ പഠനം | |
| 5. കുട്ടികൾക്ക് നിർഭയമായും സ്വതന്ത്രമായും ആധുനിക വിവരസാങ്കേതികവിദ്യ പ്രയോജനപ്പെടുത്താനുള്ള അവസരം. | 5. മികച്ച രീതിയിലുള്ള പ്രാക്ടിക്കൽ ക്ലാസ് പ്രവർത്തനങ്ങൾ ,ഇടപെടൽ ,ചർച്ചകൾ ,പഠനാസൂത്രണം എന്നിവ നൽകുന്നു | |
| 6. ഓരോ കുട്ടിക്കും ആധുനിക വിവരസാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ അസിസ്റ്റീവ് ടെക്നോളജി ഉറപ്പാക്കൽ | 6.പാഠവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഐ.ടിയുടെ സഹായത്തോടെ കുട്ടികളിലേക്ക് എത്തിക്കുന്നു. | |
| 7. സാങ്കേതികവിദ്യയുടെ | 7. സൈബർ | |

| | | |
|---|---|---|
| അനന്തസാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനോടൊപ്പം ചതിക്കുഴിയിൽ പെടാതിരിക്കാൻ ഉള്ള കഴിവ് ആർജിക്കൽ | ബുള്ളിഗ്, സൈബർ ഗ്രൂമിംഗ് പോലുള്ള വിവിധ ചതിക്കുഴികളെ പറ്റിയുള്ള അവബോധം സൃഷ്ടിക്കൽ | |

**ഉപസംഹാരം**

വിവരസാങ്കേതികവിദ്യ ഓരോ കുട്ടിയുടെയും ദൈനംദിന ജീവിതത്തിൽ കൊണ്ടുവരുന്ന പ്രഭാവത്തെക്കുറിച്ച് അവബോധം ചെലുത്തുന്നു. റോബോട്ടിക് യുഗത്തിലെ ജോലി സാധ്യതകളെപ്പറ്റി കുട്ടികൾക്ക് അവബോധം ഉണ്ടാക്കാൻ സഹായിക്കുന്നു.

## ഹൈസ്കൂൾ - മലയാളം

**ആമുഖം**

വിദ്യാഭ്യാസ ലക്ഷ്യങ്ങളിൽ ഒന്നായ സമഗ്ര വ്യക്തി വികാസത്തിലേക്ക് വിദ്യാർത്ഥികളെ നയിക്കുന്നതിന് പ്രധാന പങ്കാണ് വായനയ്ക്കുള്ളത്.

വിജ്ഞാനത്തിന്റെ വിവിധ മണ്ഡലങ്ങളെ മാനവികമൂല്യങ്ങളുമായി കോർത്തിണക്കുന്നതിനും ജീവിതാനുഭവങ്ങളെ ക്രിയാത്മകമായി അഭിമുഖീകരിക്കാൻ കുട്ടികളെ പ്രാപ്തരാക്കുന്നതിന് സഹായകമാകുന്ന തരത്തിലുള്ള ആനന്ദകരമായ വായനാനുഭവവും അനുഭവ അധിഷ്ഠിത പഠനവും ഉൾക്കൊള്ളുന്ന നിരന്തര പ്രവർത്തനങ്ങളാണ് മാതൃഭാഷാ പഠനത്തിന്റെ ഭാഗമായി ആസൂത്രണം ചെയ്തിരിക്കുന്നത്. വായനയിൽ നിന്ന് എഴുത്തിലേക്കും, എഴുത്തിൽ നിന്ന് സാഹിത്യ ആസ്വാദനത്തിലേക്കും, ആസ്വാദനത്തിൽ നിന്ന് അനുഭവ അധിഷ്ഠിത പഠനത്തിലേക്കും ,ജീവിത ക്രമീകരണത്തിലേക്കും കുട്ടികളെ നയിക്കതക്കവിധത്തിലുള്ള സമഗ്രമായ പഠനാനുഭവങ്ങൾ.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ഭൗതികം |
|---|---|---|---|

| | | | |
|---|---|---|---|
| 1. ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1. പ്രീ ടെസ്റ്റ്<br>2. അക്ഷരം ഉറപ്പിക്കൽ<br>3. അടയാളം ഉറപ്പിക്കൽ<br>4. അക്ഷര കാർഡ് നൽകൽ<br>5. വാക്കുകൾ എഴുതിയ കാർഡ്<br>6. വാക്കുകൾ നിർമിക്കൽ<br>7. ചിത്രം,അടിക്കുറിപ്പുകൾ<br>8. ചിത്രം, കഥയെഴുതൽ<br>9. ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ്സ്. | 2 മാസം<br><br>ആഗസ്റ്റ് - സെപ്റ്റംബർ | 1) പുസ്തകങ്ങൾ ചിത്രങ്ങൾ |
| 2. കുട്ടിയെ മികച്ച വായനക്കാനാക്കുക | 1. ക്ലാസ് വായന കൂട്ടം രൂപീകരിക്കൽ<br>2. സമീപ ഗ്രന്ഥശാല അംഗത്വം<br>3. പത്രവായന<br>4.പുസ്തക ചർച്ച<br>5. വായനാനുഭവം<br>6. വായന കുറിപ്പ്<br>7. ദിനാചരണം<br>8.വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനങ്ങൾ<br>9.ആസ്വാദകരമായ വായന<br>10.ഇ- വായന | 6 മാസം | |
| 3. കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക | 1. എഴുത്തുകൂട്ടം രൂപീകരണം<br>2.പുസ്തക ചർച്ച | 6 മാസം | 2) ക്ലാസ് ലൈബ്രറി സ്കൂൾ ലൈബ്രറി |

| | | | |
|---|---|---|---|
| | 3.വായനക്കുറിപ്പ് പതിപ്പ്<br>4. വ്യക്തിഗത രചന,സംഘ രചന<br>5 ഭാഷാ പ്രോജക്ട്<br>6 സാഹിത്യകാരനുമായുള്ള സംവാദം | | ചിത്രങ്ങൾ ആനുകാലിക പ്രസിദ്ധീകരണങ്ങൾ ഇന്റർനെറ്റ് കമ്പ്യൂട്ടർ |
| 4. സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കുക. | 1. പ്രസംഗ പരിശീലന കളരി<br>2.വിവിധ വിഷയം നൽകി പ്രസംഗം തയ്യാറാക്കുക<br>3.പ്രസംഗം അവതരിപ്പിക്കുന്നതിനുള്ള വേദികൾ സജ്ജമാക്കുക. | 6 മാസം (ജൂലൈ-ഡിസംബർ) | 3) ലൈബ്രറി പുസ്തകങ്ങൾ, ഫോട്ടോകൾ , പുസ്തകങ്ങൾ |

## ഉപസംഹാരം

വെനെറിനി ഹയർ സെക്കൻഡറി സ്കൂൾ കഴിഞ്ഞ അഞ്ചു പതിറ്റാണ്ടുകളായി ഗുണമേന്മയുള്ള വിദ്യാഭ്യാസത്തിന്റെയും സമഗ്ര വികസനത്തിന്റെയും പ്രതീകമായി നിലകൊള്ളുന്നു. അക്കാദമിക മുന്നേറ്റത്തോടൊപ്പം സാംസ്കാരിക, സാമൂഹിക, ആത്മീയ മൂല്യങ്ങൾ വിദ്യാർത്ഥികളിൽ വളർത്തി കൊടുക്കുന്നതിനും രാജ്യത്തിനും സമൂഹത്തിനും ഉത്തരവാദിത്വമുള്ള പൗരന്മാരെ തീർക്കുന്നതിനും സ്കൂൾ നിർണായക പങ്കുവഹിക്കുന്നു. വിദ്യാഭ്യാസത്തിന്റെ എല്ലാ മേഖലകളിലും മികവിന്റെ കേന്ദ്രം ആയി മാറിവരുന്ന വെനെറിനി ഹയർ സെക്കൻഡറി സ്കൂൾ, ഭാവിയിലും പുതിയ തലമുറയുടെ സ്വപ്നങ്ങളും ആഗ്രഹങ്ങളും സഫലമാക്കുന്ന ഒരു ദീപ്തമായ വിദ്യാഭ്യാസ സ്ഥാപനമായി തുടരും.

---------------------------------------